**No. CEE/4900/2015/KEAM-2016/TA1**

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സ് പ്രവേശനം - 2016 ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിലെ മൈനോരിറ്റി കമ്മ്യൂണിറ്റി ക്വാട്ടയിലേയ്ക്കുള്ള അലോട്ട്മെന്റ്

[GO(Rt)No.2476/2016/H&FWD Dated 03.09.2016, GO(Rt)No.2497/2016/H&FWD Dated 06.09.2016, GO(Rt)No.2498/2016/H&FWD Dated 06.09.2016,]

2016–ലെ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റിൽ ഉൾപ്പെടുന്ന ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 30% സീറ്റുകൾ കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇത്തരം സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

ന്യൂനപക്ഷ പദവി/കമ്മ്യൂണിറ്റി ക്വാട്ട ലഭ്യമായിട്ടുള്ള മെഡിക്കൽ/ഡന്റൽ കോളേജുകൾ, സംവരണത്തിന് അർഹമായ സമുദായങ്ങൾ, സംവരണത്തിനായി ഹാജരാക്കേണ്ടുന്ന രേഖകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്.

**LIST OF MEDICAL COLLEGES**

| Sl. No. | Code | College | Community | Certificate Issuing Authority |
|---|---|---|---|---|
| 1 | **AAM** | Al Azhar Medical college & Super speciality Hospital, Ezhalloor, Thodupuzha, Idukki. | **Muslim** | Village Officer |
| 2 | **AZC** | Azeezia Institute of Medical Sciences & Research, Meyyannoor P O, Kollam. | | |
| 3 | **EMC** | MES Medical College, Perinthalmanna, Malappuram. | | |
| 4 | **TRM** | Travancore Medical College Hospital, Kollam | | |
| 5 | **SMC** | Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram | 1.SIUC Nadar community of South Kerala Diocese of CSI<br>2.Dalit Christian, SIUC Candidates of SKD and Kollam Kottarakara Diocese of CSI<br>3.Members of CSI-SKD belonging to other communities actively practicing in the churches of SKD of CSI | **Rt.Rev.A Dharmaraj Rasalam,**<br>Bishop,<br>South Kerala Diocese of Church of South India,<br>LMS Compound,<br>Thiruvananthapuram |

**LIST OF DENTAL COLLEGES**

| Sl. No. | Code | College | Community | Certificate Issuing Authority |
|---|---|---|---|---|
| 1 | **AAD** | Al-Azhar Dental College, Thodupuzha. | **Muslim** | Village Officer |
| 2 | **ADC** | Annoor Dental College, Puthuppady, Muvattupuzha. | | |
| 3 | **CDC** | Century International Institute for Dental Sciences & Research Centre, Poinachi, Kasaragod | | |
| 4 | **EID** | Educare Institute of Dental Sciences, Chattiparamba, Malappuram. | | |
| 5 | **IGD** | Indira Gandhi Institute of Dental Sciences, Kothamangalam. | | |
| 6 | **KAD** | Kannur Dental College, Anjarakandy, Kannur. | | |
| 7 | **MED** | MES Dental College, Perinthalmanna, Malappuram. | | |
| 8 | **MLD** | Malabar Dental College, Mudur P O,Edappal, Malappuram. | | |
| 9 | **PSD** | PSM College of Dental Sciences, Thrissur. | | |
| 10 | **RDC** | Royal Dental College, Mannaraparamba, Chalisery, Palakkad. | | |

| | | | | |
|---|---|---|---|---|
| 11 | **MBD** | Mar Baselious Dental College, Kothamangalam | **Jacobite Syrian** | Mr. Salim Cherian, Secretary |
| 12 | **SGD** | St. Gregorios Dental College, Chelad, Kothamangalam, Ernrakulam. | **Jacobite Syrian Christian** | Thambu George Thukalan, Director, St.Gregorios Dental College, Kothamangalam, Ernakulam |

മേൽപ്പറഞ്ഞ മെഡിക്കൽ/ഡന്റൽ കോളേജുകളിൽ മൈനോറിറ്റി/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2016-Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Community Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അതത് കോളേജിനു നേരെ നൽകിയിട്ടുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പ്രൊഫോർമയുടെയും വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമയുടെയും പ്രിന്റൗട്ട് എടുത്ത് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം പൂരിപ്പിച്ച വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമയോടൊപ്പം **(Proforma for Submission of Candidate Details)** **2016 സെപ്റ്റംബർ 10 (ശനിയാഴ്ച) വൈകുന്നേരം 5 മണിക്ക് മുൻപായി** നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖേനയോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

2016 ലെ കേരള എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിനുള്ള മുസ്ലീം കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ പുതുതായി ജാതി/സമുദായ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല. എന്നാൽ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാത്ത മുസ്ലിം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളെ ഈ ക്വാട്ടയിലേക്ക് പരിഗണിക്കുന്നതിലേക്കായി ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും, പൂരിപ്പിച്ച പ്രൊഫോർമയും ഹാജരാക്കേണ്ടതാണ്.

നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകളും, ഫാക്സ്, ഇ മെയിൽ എന്നിവ മുഖേന അയക്കുന്ന സർട്ടിഫിക്കറ്റുകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

കൂടുതൽ വിവരങ്ങൾക്ക് 0471-2339101, 2339102, 2339103, 2339104 എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
07.09.2016